**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **11-06-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര കാരോട് പഞ്ചായത്തിലെ പവ്വർലൂം പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പവ്വർലൂമിന്റെ പുനരുദ്ധാരണത്തിന് 2022-23, 2023-24 വർഷങ്ങളിൽ എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷം, പ്രസ്തുത സൊസൈറ്റിയ്ക്കായി തുക അനുവദിക്കുന്നതു സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നും സമർപ്പിച്ചിരുന്നില്ല. അതിനാൽ സൊസൈറ്റിയുടെ പുനരുദ്ധാരണത്തിനായി പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല.<br><br>ടെക്സ്ഫെഡിന് കീഴിലുള്ള സമഗ്ര യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിൻകീഴിൽ 2023-24 സാമ്പത്തിക വർഷം നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 15 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകി സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിച്ചിട്ടുമുണ്ട്.<br><br>പ്രസ്തുത സൊസൈറ്റിയുടെ ആധുനികവൽക്കരണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതിൽ റിലീസ് ചെയ്യാൻ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും 12 ലക്ഷം രൂപ, നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും റിലീസ് ചെയ്ത് നൽകുന്നതിലേയ്ക്കായി, ഇതു സംബന്ധിച്ച ഭരണാനുമതിയുടെ ഇ-അനുമതി റീവാലിഡേഷൻ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ